## 648

ക്രിസ്തീയ ജീവിതം സൗഭാഗ്യജീവിതം
കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദദായകം
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രിസ്തേശു നായകൻ കൂട്ടാളിയാണേ-

1 ലോകത്തിൻ താങ്ങുകൾ നീങ്ങിപ്പോയിടുമ്പോൾ
ലോകക്കാരെല്ലാരും കൈവെടിഞ്ഞിടുമ്പോൾ
സ്വന്ത സഹോദരർ തള്ളിക്കളയുമ്പോൾ
യൗസേപ്പിൻ ദൈവമെൻ കൂട്ടാളിയാണേ-

2 അന്ധകാരം ഭൂവിൽ വ്യാപരിച്ചിടുമ്പോൾ
രാജാക്കൾ നേതാക്കൾ ശത്രുക്കളാകുമ്പോൾ
അഗ്നികുണ്ഡത്തിലും സിംഹക്കുഴിയിലും
ദാനിയേലിൻ ദൈവമെൻ കൂട്ടാളിയാണേ-

3 ഇത്ര നല്ലിടയൻ ഉത്തമ സ്നേഹിതൻ
നിത്യനാം രാജാവെൻ കൂട്ടാളിയായാൽ
എന്തിനീ ഭാരങ്ങൾ എന്തിനീ വ്യാകുലം
കർത്താവിൻ കുഞ്ഞങ്ങൾ പാട്ടുപാടും-

4 കാഹള ശബ്ദങ്ങൾ കേട്ടീടാൻ നേരമായ്
കഷ്ടങ്ങൾ ഏറ്റ എൻപ്രിയനെ കാണാറായ്
എന്നു നീ വന്നിടും എപ്പോൾ നീ വന്നിടും
എത്രനാൾ നോക്കി ഞാൻ പാർക്കേണം പ്രിയനെ- **P.M.T.**